**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5091** **04-07-2024 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് സ്കൂൾ യു.പി.എസ്.റ്റി. തസ്തികയിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് സ്കൂൾ യു.പി.എസ്.റ്റി. തസ്തികയിൽ ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് (തിരുവനന്തപുരം ജില്ല) അശ്വതി എൻ.എസ്. നൽകിയ അപേക്ഷയിന്മേലുള്ള തുടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി അശ്വതി എൻ.എസ്. നൽകിയ അപേക്ഷ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 14.06.2024-ലെ ബി5/50990/23 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 24.06.2024-ന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട ഫയലിന്മേൽ (ഫയൽ നമ്പർ: ബി.5/50990/2023) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി അശ്വതി എൻ.എസ്. നൽകിയ അപേക്ഷ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 14.06.2024-ലെ ബി5/50990/23 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 24.06.2024-ന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശ്രിത നിയമനവുമായി ബന്ധപ്പെട്ട അപ്രൂവൽ നടപടികൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഓഫീസുകളിലെ ഫയൽ നമ്പർ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (സി) | ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച പ്രസ്തുത ഉത്തരവിനെതിരെ മാനേജർ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ 24.06.2024-ന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ബി4/752542/2024 നമ്പരായി അപ്പീൽ നിലവിലുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും സർക്കാരിലും ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിലില്ല. |
| (ഡി) | പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് അംഗീകാരം നൽകുന്നത് അനന്തമായി നീണ്ടുപോകുന്നതിന്റെ ചട്ടപ്രകാരവും സാങ്കേതികവുമായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | സീനിയറായി നിയമനം ലഭിച്ച അധ്യാപകർക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലാണ് ഉത്തരവ് നം.ബി5/50990/2023 തീയതി 14.06.2024 പ്രകാരം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം നിരസിച്ച് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | അശ്വതി എൻ.എസ്. ന് പ്രസ്തുത തസ്തികയിൽ അംഗീകാരം നൽകുന്നതിന് നിയമപരമായി എന്തെങ്കിലും തടസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യവസ്ഥ ഏതെന്ന് അറിയിക്കാമോ; | (ഇ) | കെ.ഇ.ആർ. പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ടിയാരിയുടെ നിയമനം സംബന്ധിച്ചുള്ള അപേക്ഷയിൽ ചുവടെ പരാമർശിക്കുന്ന അപാകതകൾ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ കണ്ടെത്തിയിട്ടുണ്ട്.<br>1. 29.06.2023-ലെ മാനേജരുടെ നിയമന ഉത്തരവിൽ നിയമന തീയതിയിൽ തിരുത്തൽ നടത്തിയിട്ടുണ്ട്.<br>2. 2023-24-ലെ യു.പി.എസ്.എ. യുടെ അംഗീകൃത തസ്തികകളുടെ എണ്ണം 10 ആണ്. സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 01.07.2023-ൽ 12 യു.പി.എസ്.ടി. മാർ ജോലി ചെയ്യുതായി കാണുന്നു.<br>3. പ്രധമാധ്യാപികയുടെ ജോയിനിംഗ് റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>4. എച്ച്.എസ്.ടി. മലയാളം തസ്തികയിൽ പ്രമോഷൻ ആയി പോയ ശ്രീമതി എസ്.മഞ്ജുഷയുടെ പ്രമോഷൻ അംഗീകരിച്ച ഉത്തരവ് ഹാജരാക്കിയിട്ടില്ല.<br>5. ശ്രീമതി അശ്വതി എൻ.എസ്. ന്റെ സീനിയറായ ശ്രീമതി രേഷ്മാ രാജ് (01.06.2023), ശ്രീമതി ഭാഗ്യാ സലിം (26.06.2023) എന്നിവർക്ക് നിയമനാംഗീകാരം നൽകാനുണ്ട്. |
| (എഫ്) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത നിയമനത്തിനുള്ള അംഗീകാരം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എഫ്) | സീനിയറായി നിയമനം ലഭിച്ച അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചതിനുശേഷം ശ്രീമതി അശ്വതി എൻ.എസ്.ന്റെ നിയമനാംഗീകാരത്തിനായുള്ള അപേക്ഷ പരിഗണിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ